DISPATCHED 08/06/2020

26/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920

Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1194(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.7974/SIC-Gen 2/2013**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ബഷീർ അഹമ്മദ് ടി.പി.,
ലൈലാ മൻസിൽ, ഐസ് റോഡ്,
വടകര ബീച്ച് പി.ഒ.,
വടകര – 673 103, കോഴിക്കോട് ജില്ല. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വാണിജ്യ നികുതി ഓഫീസർ,
വാണിജ്യ നികുതി ഓഫീസറുടെ കാര്യാലയം,
വടകര, കോഴിക്കോട്.

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി കമ്മീഷണർ,
വാണിജ്യ നികുതി വകുപ്പ്,
ജില്ലാ വാണിജ്യ നികുതി കാര്യാലയം,
കോഴിക്കോട്. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, 15.03.13ന് ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം ഒന്നാം എതിർകക്ഷി 02.07.13ൽ കമ്മീഷനു റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"അപ്പീൽ ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ താഴെ പറയുന്ന കാര്യങ്ങളാണ് ചോദിച്ചിരുന്നത്. സുമയ്യ ട്രേസിങ് കമ്പനി, മാർക്കറ്റ് റോഡ്, AC സ്റ്റോർ, മാർക്കറ്റ് ലെയ്ൻ, CA ട്രേഡേഴ്സ്, മാർക്കറ്റ് റോഡ് എന്നീ സ്ഥാപനങ്ങൾ സെയിൽസ് ടാക്സ് ഓഫീസിൽ രജിസ്റ്റർ ചെയ്ത തീയതി, കൊല്ലം പാർട്ണർഷിപ്പ് ഡീഡിൽ പറഞ്ഞിട്ടുള്ള പാർട്ണർമാർ, അന്യരുടെ ഷെയർ, അവസാന 15 വർഷത്തെ ടേൺ ഓവർ, നെറ്റ് പ്രോഫിറ്റ് എന്നീ വിവരങ്ങളാണ് ചോദിച്ചിരുന്നത്. അപേക്ഷകന് യാതൊരു വിവരവും നൽകേണ്ടതില്ല എന്ന് മൂന്നാം കക്ഷികൾ രേഖാമൂലം അറിയിച്ചതിനാൽ അക്കാര്യം അപേക്ഷകനെ 03.04.13ലെ മറുപടി കത്തിൽ അറിയിക്കുകയും,

അതോടൊപ്പം ടി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത വർഷം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. ടി റിപ്പോർട്ടും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിൽ നിന്ന്, ഒന്നാം എതിർകക്ഷി പൂർണമായും നിയമപരമായ മറുപടിയാണ് നൽകിയിരിക്കുന്നതെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

4. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി തള്ളിക്കൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 26-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

gk.